
little KITEs

# e-ദളം

## 2023-24



# സന്ദേശം



നൂതന ആശയങ്ങളും ആധുനിക സാങ്കേതികവിദ്യയുടെ പുതിയ കണ്ടുപിടുത്തങ്ങളും ഉൾപ്പെടുത്തിക്കൊണ്ട്, മികച്ച പ്രവർത്തനങ്ങളുമായി എന്നും മുൻപന്തിയിൽ നിൽക്കുന്ന മാതയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും കൈറ്റ് മാസ്റ്ററിനും കൈറ്റ് മിസ്ട്രസ്സിനും അഭിനന്ദനങ്ങൾ നേരുന്നു. മികച്ച പ്രവർത്തനങ്ങളുമായി ഇനിയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് മുന്നേറട്ടെ. സാങ്കേതികവിദ്യയുടെ പുതിയ ആശയങ്ങൾ സ്വായത്തമാക്കുന്ന ഒരു പുതുതലമുറ മാതയിൽ നിന്ന് ഉടലെടുക്കട്ടെ എന്ന് ആശംസിക്കുന്നു

**ഹെഡ്മാസ്റ്റർ**

**തോമസ് കെ.ജെ**


MATHA HIGH SCHOOL
MANNAMPETTA


Shot on OnePlus


MATHA H.S
MANNAMPETTA

| | |
|---|---|
| **വിലാസം** | |
| മണ്ണംപേട്ട<br>വരാക്കര പി.ഒ., 680302 | |
| **സ്ഥാപിതം** | 01 - 06 - 1935 |
| **വിവരങ്ങൾ** | |
| **ഫോൺ** | 0480 2752320 |
| **ഇമെയിൽ** | mathahsmannampetta@gmail.com |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 22071 (സമേതം) |
| **യുഡൈസ് കോഡ്** | 32070800201 |
| **വിക്കിഡാറ്റ** | Q64091024 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | തൃശ്ശൂർ |
| **വിദ്യാഭ്യാസ ജില്ല** | തൃശ്ശൂർ |
| **ഉപജില്ല** | ചേർപ്പ് |
| **ഭരണസംവിധാനം** | |
| **ലോകസഭാമണ്ഡലം** | തൃശ്ശൂർ |
| **നിയമസഭാമണ്ഡലം** | പുതുക്കാട് |
| **താലൂക്ക്** | മുകുന്ദപുരം |
| **ബ്ലോക്ക് പഞ്ചായത്ത്** | കൊടകര |
| **തദ്ദേശസ്വയംഭരണസ്ഥാപനം** | പഞ്ചായത്ത് |
| **വാർഡ്** | 13 |
| **സ്കൂൾ ഭരണ വിഭാഗം** | |
| **സ്കൂൾ ഭരണ വിഭാഗം** | എയ്ഡഡ് |
| **സ്കൂൾ വിഭാഗം** | പൊതുവിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | എൽ.പി<br>യു.പി<br>ഹൈസ്കൂൾ |
| **സ്കൂൾ തലം** | 1 മുതൽ 10 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |
| **സ്ഥിതിവിവരക്കണക്ക്** | |
| **ആൺകുട്ടികൾ** | 560 |
| **പെൺകുട്ടികൾ** | 505 |
| **ആകെ വിദ്യാർത്ഥികൾ** | 1065 |
| **സ്കൂൾ നേതൃത്വം** | |
| **പ്രധാന അദ്ധ്യാപകൻ** | തോമസ് കെ. ജെ |
| **പി.ടി.എ. പ്രസിഡണ്ട്** | പി.കെ. ഫ്രാൻസിസ് |
| **എം.പി.ടി.എ. പ്രസിഡണ്ട്** | ഫീന ടിറോ |

# ഉള്ളടക്കം

1.സ്കൂൾ ചരിത്രം-6
2.മികവുകൾ-7
3.കവിത-മഴ-10
4.ലിറ്റിൽ കൈറ്റ്സ് ചരിത്രം-11
5.കവിത-അച്ഛൻ-14
6.കവിത-പൂക്കാലം-15
7.സ്കൂൾ പ്രവർത്തന ചിത്രങ്ങൾ-16
8. പത്ര വാർത്തകൾ-18
9. കവിത-നിൻ ഓർമ്മകൾ-19
10. കല മത്സരിക്കാനുള്ളതാണോ-ഉപന്യാസം-20
11. കടങ്കഥകൾ-23
12. ഓസോൺ-24
13. കവിത-നിന്നെ എനിക്ക് എന്നും ഇഷ്ടം-25
14. A Comprehensive approach-26
15. കവിത-പ്രകൃതി-28
16. കവിത-സ്വപ്നം-29
17. കവിത-പ്രതീക്ഷകൾ-30
18. കവിത-പ്രകൃതി ഭംഗി-31
19. കഥ-കിട്ടനും മിട്ടുവും-32
20 കഥ-ആനയും തയ്യൽക്കാരനും-33
21. Poem-Tree-34
22. Story-A Happy child-35
23. The power of practice-story-36
24. The power of respect-story-37
25. ലിറ്റിൽ കൈറ്റ് ചിത്രങ്ങൾ-38
26. സ്കൂൾ ചിത്രങ്ങൾ-41
27. അണിയറയിൽ-43
28. നന്ദി-44

# സ്കൂൾ ചരിത്രം

തൃശ്ശൂർ ജില്ലയിൽ അളഗപ്പനഗർ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രധാന വിദ്യാലയമാണ് മാതാ എച്ച്.എസ്.മണ്ണംപേട്ട. 1933 മാർച്ച് മാസം ആറാം തീയതി ചേർന്ന പള്ളി യോഗമാണ് മണ്ണംപേട്ടയിൽ ഒരു വിദ്യാഭ്യാസ യുഗത്തിന് തുടക്കം കുറിച്ച തീരുമാനം എടുത്തത്. അന്നത്തെ യോഗത്തിൽ തീരുമാനം ഇപ്രകാരമായിരുന്നു."സ്കൂൾ ഇല്ലാത്തതുകൊണ്ട് ചെറിയ കുട്ടികളുടെ നിലത്തെഴുത്ത് പഠനങ്ങൾ ഇപ്പോൾ നടന്നുവരുന്ന വേദോപദേശ പഠനത്തോടുകൂടി നടത്തുന്നതിനായി ഒരു ആശാനെ നിശ്ചയിക്കേണ്ടതാണ് എന്നും ആശാനെ പള്ളിയിൽ നിന്നും കൊടുക്കുന്ന വേദോപദേശ ശമ്പളത്തിന് പുറമേ കുട്ടികളുടെ രക്ഷിതാക്കൾ കൊടുക്കേണ്ടതാണെന്നും, സ്കൂളിൽ പോകാതെ നിൽക്കുന്ന അഞ്ചു വയസ്സിനുമേൽ 10 വയസ്സുവരെയുള്ള കുട്ടികളെ ഈ പള്ളി സ്കൂളിലേക്ക് അയക്കേണ്ടതാണ്.ഈ സ്കൂൾ ആണ് നാട്ടുകാരുടെ സഹകരണത്തോടെ "ജ്ഞാനവർദ്ധിനി സമാജം" എന്ന പേരിൽ ആരംഭിച്ച് രണ്ടുവർഷത്തിനുശേഷം അംഗീകൃത എൽ പി സ്കൂൾ ആയും പിന്നീട് ഹൈസ്കൂളായും വളർന്നത്.1933ൽ എല്ലാവർക്കും അറിവിന്റെ വെളിച്ചം പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി മണ്ണംപേട്ട അമലോത്ഭവ മാതാവിൻ പള്ളിക്ക് അഭിമുഖമായാണ് ജ്ഞാനവർദ്ധിനി സമാജം എന്ന പേരിൽ സ്ഥാപനം ആരംഭിച്ചത് . ഈ സമാജമാണ് മാതാ ഹൈ സ്കൂളിന് നിമിത്തമായത്. 1934ൽ ഈ സമാജത്തിന്റെ പ്രസിഡണ്ട് മണ്ണംപേട്ട പള്ളി വികാരിയായിരുന്ന ചൊവ്വല്ലൂർ ബഹു. അന്ത്രയോസ്അച്ചനായിരുന്നു.അദ്ദേഹത്തിന്റെപരി ശ്രമഫലമായാണ് 1935ൽ ലോവർ പ്രൈമറി സ്കൂൾ അനുവദിച്ചു കിട്ടിയത്.പ്രഥമ പ്രധാന അദ്ധ്യാപകൻ ശ്രീ കൃഷ്ണൻകുട്ടി മേനോൻ. ഇന്നുകാണുന്ന സ്കൂളിന്റെ മുൻവശത്തുള്ള ഓടുമേഞ്ഞ കെട്ടിടമായിരുന്നു അന്ന് ഉണ്ടായിരുന്നത്.

1935മുതൽ ഏകദേശം 20 വർഷക്കാലം മാനേജർ സ്ഥാനം അല്മായർക്ക് കൈമാറിയിട്ടുണ്ട്. ശ്രീ. പുളിക്കൻ പൈലോത് ശ്രീ.പുളിക്കൻകുഞ്ഞുവറീത്അന്തോണി എന്നിവർ ഈകാലഘട്ടത്തിൽസ്തുത്യർഹമായ സേവനമനുഷ്ഠിച്ച അല്മായരാണ്. 1955ൽ വാലിക്കോടത്ത് ബഹു. പോളച്ചൻ വികാരിയായി വന്നപ്പോൾ മുതൽ വീണ്ടും ഇടവക വികാരിമാർ സ്കൂളിന്റെമാനേജർമാരായിനിയമിതരായി. 1963ൽ ലോവർ പ്രൈമറി വിദ്യാലയമായിരുന്ന ഇത് അപ്പർ പ്രൈമറി വിദ്യാലയമായി മാറി. തുടർന്ന് മണ്ണംപേട്ട യു. പി. സ്കൂളിന്റെ മുന്നേറ്റം ആരംഭിച്ചു. ബഹു. ഫാ. ജോൺ ചെറുവത്തൂരിന്റെ ശ്രമഫലമായി 1983ൽ മണ്ണംപേട്ടയിൽ ഹൈസ്കൂൾ അനുവദിച്ചുകിട്ടി. ശ്രീ. ടി.ജെ. ജോസ് തട്ടിൽ മാസ്റ്റർ ഹൈസ്കൂളിന്റെ പ്രഥമ പ്രധാന അദ്ധ്യാപകനായി. എസ്.എസ്.എൽ.സി. കന്നിക്കൊയ്ത്ത് 100 ശതമാനം വിജയം നേടി. ഇന്ന് ഈ വിദ്യാലയത്തിൽ 560 ആൺകുട്ടികളും 505 പെൺകുട്ടികളും ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലായി അധ്യയനം നടത്തിവരുന്നു.








# മികവുകൾ

സ്റ്റേറ്റ് ക്യാമ്പിൽ അനിമേഷൻ വിഭാഗത്തിൽ പങ്കെടുത്ത് ലിറ്റിൽ കൈറ്റ്സിന്റെ അഭിമാന താരം അതുൽ ഭാഗ്യേഷ്.




തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ നടന്ന കേരളം മെഗാ ഷോയിൽ മാതാ ഹൈസ്കൂളിലെ കുട്ടികളുടെ റോബോട്ടിക്സ് പ്രോഡക്റ്റ് ഡിസ്പ്ലേ ചെയ്തു കൈറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയ സ്റ്റാളിലാണ് പ്രദർശനം ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള എക്സിബിഷൻ ആയിരുന്നു.

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തന മികവ് മനസ്സിലാക്കി ബാംഗ്ലൂരിൽ നിന്നുള്ള യൂണിസെഫ് അംഗങ്ങൾ സ്കൂളിൽ സന്ദർശനം നടത്തുകയും . ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് അവരുമായി സംവദിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളെ കുറിച്ച് ചോദിച്ചറിഞ്ഞ് യൂണിസെഫ് അതികൃതർ മാത ഹൈസ്കൂളിന്റെ ലിറ്റിൽ കൈറ്റ്സിന്റെ തനത് പ്രവർത്തനങ്ങൾ കണ്ട് വിസ്മയിച്ചു.




അന്താരാഷ്ട്ര പഠന കോൺഗ്രസ് ത്രിദിന സെമിനാർ

ഇൻറർനാഷണൽ പഠന കോൺഗ്രസിൽ മറ്റുപല വിഷയങ്ങളും പല സ്കൂളുകളും അവതരിപ്പിക്കുന്നുണ്ടെങ്കിലും ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി കേരളത്തിൽ നിന്ന് ആകെ 27 സ്കൂളുകൾ സെലക്ട് ചെയ്യപ്പെട്ടതിൽ മാതാ ഹൈസ്കൂളും ഉൾപ്പെട്ടതിൽ മാതാ ഹൈസ്കൂളിന് അഭിമാനനിമിഷങ്ങളായി . ഈ പഠന കോൺഗ്രസിൽ കൈറ്റ് മിസ്ട്രെസ് പ്രിൻസിടീച്ചർ ലിറ്റിൽ കൈറ്റ്സ്ന്റെ നേട്ടങ്ങളും പ്രവർത്തനങ്ങളുമെല്ലാം അവതരിപ്പിക്കുണ്ടായി. പോൾവിനും അതുലും ഉണ്ടാക്കിയ ഓട്ടോമാറ്റിക് ട്രാക്ടറും അണ്ടർ വാട്ടർ ഡ്രോണും ആപ്പുകളും മറ്റും ടീച്ചർ പ്രസന്റ് ചെയ്തു..

പല രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഡെലിഗേറ്റസുകളും പങ്കെടുത്തിരുന്നു.







ജനുവരി 30 ന് SCERT (RO) ഡോ: രഞ്ജിത്ത് സർ , SSK പ്രോജക്ട് ഡയറക്ടർ ഡോ: ബിനോയി സർ , ഡയറ്റ് ഫാക്കൽറ്റി വിനിജ ടീച്ചർ, സിജി ടീച്ചർ , കൊടകര BRC സ്റ്റാഫ് എന്നിവർ ചേർന്ന് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ തനതു പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള വിസിറ്റ് നടത്തി. കുട്ടികളുടെ പ്രവർത്തനങ്ങൾ കണ്ടപ്പോൾ അവരെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും കൂടെ ഇങ്ങനെയുള്ള പ്രോജക്ടുകൾ സമൂഹത്തിന് ഉപകാരപ്പെടുന്ന വിധം മാറ്റേണ്ടതിന്റെ ആവശ്യകതയും പറഞ്ഞു കൊടുത്തു. എസ് എസ് കെ പ്രോജക്ട് ഡയറക്ടർ, കൊടകര ബിആർസി നിന്നുള്ള സാറിനും കുട്ടികളുടെ പ്രോജക്ട് വളരെ അധികം ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല രീതിയിൽ തന്നെ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഡോ : രഞ്ജിത്ത് സർ ഇങ്ങനെയുള്ള പ്രോജക്ടുകൾ സമൂഹത്തിനും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പങ്കെടുക്കാവുന്ന രീതിയിൽ ചെയ്തു കഴിഞ്ഞാൽ ആണ് കുട്ടികൾക്ക് – സ്കൂളിന് ഉപകാരപ്പെടുകയുള്ളൂ എന്ന് നിർദ്ദേശിച്ചു. നമ്മുടെ ലിറ്റിൽ കുട്ടികളെ വളരെയധികം പ്രശംസിച്ചും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകിയുമാണ് അവർ ഇവിടെ നിന്ന് പിരിഞ്ഞത്.








സംസ്ഥാനതല കലോത്സവത്തിൽ സംസ്കൃത നാടകത്തിന് എ ഗ്രേഡ് നേടി മാതാ ടീം.






പൊലിമ പുതുക്കാട് പുരസ്കാര വിതരണ ചടങ്ങ്, ഗ്രീൻ സ്റ്റഫ് പദ്ധതിയിലെ മികച്ച കുട്ടികർഷകർ ഉദ്ഘാടനം ചെയ്യുന്നു

# മഴ

നൊമ്പരമെഴുതിയ മഴയേ...
എത്ര നീ വേദന തന്നുവേന്നാലും
പ്രണയിച്ചുപോയില്ലേ നിന്നെ ഞാൻ മഴയേ..
പ്രണയിച്ചിടും ഞാൻ ഇനിയുള്ളകാലവും
നിൻ മഴത്തുള്ളി കിലുക്കമാണിപ്പഴും
എൻ ഇടനെഞ്ചിൻ ഹൃദയതാളം
ഇന്നത്തെ മഴയിൽ , ഞാൻ നിന്നെ ഓർത്തു
ഒപ്പം കഴിഞ്ഞ മഴകാലവും . അന്ന്
നാമിരുവരും ഒരേ ചില്ലയിലെ
രണ്ട് പച്ചിലകളായിരുന്നു
നനയും തോറും ചുരുങ്ങിയും
ഉണങ്ങും തോറും പൊടിഞ്ഞും
"നിന്നെമാത്രം ഓർക്കുന്ന കരിയില "
എന്നെ മേൽവിലാസത്തിൽ ഞാനുണ്ട്
നിനക്ക് സുഖം തന്നെയല്ലെ

ആദിനാഥ്

# ലിറ്റിൽ കൈറ്റ്സ് ചരിത്രം

മാതാ ഹൈസ്കൂളിൽ 2018 ജനുവരി മാസത്തിലാണ് ആദ്യ ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ അംഗങ്ങളെ കണ്ടെത്തുന്നതിനുള്ള അഭിരുചി പരീക്ഷ നടന്നത്. വിജയികളായ 27 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു,യൂണിറ്റ് നം:LK/ 2018/22071 എന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആദ്യബാച്ച് മാതാ ഹൈസ്കൂളിൽ ആരംഭിച്ചത്.പരിശീലനം ലഭിച്ച കൈറ്റ് മാസ്റ്റർ ഫ്രാൻസിസ് പി തോമസ് മാസ്റ്ററിന്റെയും ,കൈറ്റ് മിസ്ട്രെസ് പ്രിൻസി എ ജെ ടീച്ചറിന്റെയും നേതൃത്വത്തിൽ 2018 ജൂലൈ 4ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പരിശീലനപരിപാടികൾ ആരംഭിച്ചു.ആഴ്ച്ചയിൽ രണ്ടു ദിവസം 4 മുതൽ 4.45 വരെയായിരുന്നു ക്ലാസുകൾ നൽകിയിരുന്നത്. ജിമ്പ്, ടുപ്പി 2 ഡി, ഇൻക്സ്കേപ്പ് എന്നീ സോഫ്റ്റ്വെയർസ് ആയിരുന്നു തുടക്കത്തിൽ പരിശീലനത്തിനായി ഉണ്ടായിരുന്നത്.രണ്ടാമത്തെ ബാച്ചിനെ കണ്ടെത്തുന്നതിനുള്ള അഭിരുചി പരീക്ഷ 2019 ജൂൺ 28ന് നടത്തി. അമ്പത്തിയെട്ട് കുട്ടികൾ പങ്കെടുത്തു.അതിൽ നിന്ന് 27 കുട്ടികളെയാണ് തിരഞ്ഞെടുത്തത് പരീക്ഷയിൽ ശ്രീപാർവ്വതി, അൽജോ എന്നീ വിദ്യാർഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഓൺലൈനിൽ നടത്തിയ പരീക്ഷയിൽ കൈറ്റ് മിസ്ട്രസ് പ്രിൻസി എ. ജെ നേതൃത്വം നൽകി.ഈ വർഷം, സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്കീഴിൽ 15000 സ്കൂളുകളെ കോർത്തിണക്കി തയ്യാറാക്കിയ ഓൺലൈൻ

പോർട്ടലായ 'സ്കൂൾ വിക്കി'യിലെ മികച്ച താളുകൾ ഏർപ്പെടുത്തിയതിനുള്ള ജില്ലാതല പുരസ്കാരങ്ങളിൽ നമ്മുടെ സ്കൂളിന് ഒന്നാം സ്ഥാനം നേടാനായി . ബഹു. വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും തിരുവനന്തപുരം നിയമസഭ മന്ദിരത്തിൽ വച്ച് സ്കൂൾ വിക്കി അവാർഡ് സ്വീകരിക്കുന്ന ചടങ്ങിൽ പ്രധാനദ്ധ്യാപകൻ തോമസ് മാസ്റ്റർ, പി. ടി. എ പ്രസിഡന്റ് ജോബി വഞ്ചിപ്പുര, ഫ്രാൻസിസ് മാസ്റ്റർ,വിദ്യാർഥികൾ എന്നിവർ ഉണ്ടായിരുന്നു. ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള പുരസ്കാരവും കരസ്ഥമാക്കി. ലിറ്റിൽ കൈറ്റ്സ് ജില്ലാതല വിജയികൾക്കുള്ള സമ്മാനം ബഹു. വിദ്യഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥിൽ നിന്നും സ്വീകരിച്ചു. 2020-23 ബാച്ചിനുള്ള അഭിരുചി പരീക്ഷ നടന്നത് 2022 ജനുവരി മാസത്തിലായിരുന്നു. പോൾവിൻ ടി പി ഒന്നാം സ്ഥാനം കരസ്ഥമാക്കി ഫസ്റ്റ് ലീഡറായും , ആൽബിൻ വർഗീസ് സെക്കന്റ് ലീഡറായും തെരഞ്ഞെടുക്കപ്പെട്ടു.40 അംഗങ്ങൾ ഉൾപ്പെട്ടതായിരുന്നു ഈ ബാച്ച്. 40 അംഗങ്ങൾ ഉള്ള 2021-24 ബാച്ചിന്റെ ഫസ്റ്റ് ലീഡർ അതുൽ ഭാഗ്യേഷും സെക്കന്റ് ലീഡർ വൈഗയുമാണ്. 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി നടത്തുന്ന അഭിരുചി പരീക്ഷയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അഭിരുചി പരീക്ഷയിൽ പങ്കെടുക്കുന്നതിനായി 65 ഓളം കുട്ടികൾ പേരുകൾ രജിസ്റ്റർ ചെയ്തു. അവരിൽ നിന്ന് മികച്ച രീതിയിൽ പരീക്ഷ അറ്റൻഡ് ചെയ്തവരിൽ നിന്നുള്ള 40 കുട്ടികൾ അടങ്ങുന്ന പുതിയ ലിറ്റിൽ കൈറ്റ്സ് ബാച്ച് മാതാ ഹൈസ്കൂളിൽ ആരംഭിച്ചു. എല്ലാ വ്യാഴാഴ്ചകളിലും മൂന്നുമണി മുതൽ നാലുമണി വരെയുള്ള സീറോ പീരിയഡിൽ നടന്നു വരുന്നു.

2023 ജൂൺ 9 ന് പുതിയ ലിറ്റിൽ കൈറ്റ്സ് ബാച്ച് 2023-26 ൽ അംഗത്വം നേടാൻ താല്പര്യമുള്ള വിദ്യാർത്ഥികളുടെ യോഗം വിളിച്ചു ചേർത്തു. ജൂൺ 13ന് നടക്കുന്ന അഭിരുചി പരീക്ഷയുടെ വിശദാംശങ്ങൾ കുട്ടികളെ അറിയിച്ചു. അഭിരുചി പരീക്ഷയിൽ പങ്കെടുക്കുന്നതിനും അംഗത്വം നേടുന്നതിനുള്ള സമ്മതപത്രം രക്ഷാകർ ത്താക്കളിൽ നിന്നും കൊണ്ടുവരണമെന്നുള്ള നിർദ്ദേശവും വിദ്യാർഥികൾക്ക് നൽകിയിരുന്നു. എട്ടാം ക്ലാസ്സിൽ നിന്നുള്ള 84 കുട്ടികൾ അഭിരുചി പരീക്ഷയ്ക്കായി പേരുകൾ രജിസ്റ്റർ ചെയ്തിരുന്നു. തലേദിവസം തന്നെ കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രെസ് എന്നിവർ പരീക്ഷയ്ക്കുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു. രാവിലെ 10 മണിയോടെ പരീക്ഷ ആരംഭിച്ചു. നാലു മണിക്കുള്ളിൽ തന്നെ 84 കുട്ടികളുടെ പരീക്ഷ നടത്തുകയും ആവശ്യം വേണ്ട ഫയലുകൾ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. ജൂൺ 15ന് അഭിരുചി പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 8 ഡി യിലെ ആൻലിയോ റോയ്,8 സിയിലെ ആദിക ബാബു എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി 40 അംഗങ്ങൾ ഉൾക്കൊള്ളുന്ന പുതിയ ലിറ്റിൽ കൈറ്റ്സ് ബാച്ച് 16-06-23 മുതൽ പ്രവർത്തനം തുടങ്ങി.ഇപ്പോൾ മൂന്ന് ബാച്ചുകളിലായി 120 വിദ്യാർഥികൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലുണ്ട്.

# അച്ഛൻ

ആദ്യാക്ഷരം കുറിച്ചു
തന്നെൻ കുഞ്ഞിളം കൈകളാൽ
കൂടെ നടന്നും
കൂടെ കളിച്ചും
കാണാച്ചൂരലാൽ ശാസിച്ചു ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും
ഇന്നീ കൈകളിൽ
സ്നേഹത്തിൻ പൊതികളില്ല
നീട്ടീ വിളികളുമില്ല
യാത്ര പറയാതെ
പടികടന്നകലുമ്പൊൾ
നീ ഞങ്ങളെ താലോലിച്ചുറക്കിയ
ഉമ്മറതിണ്ണയും ഏകനായീ

മീനാക്ഷി ടി ബി

# പൂക്കാലം

ഇനിയൊരു
പുക്കാലം കൊണ്ടുപോലും
നിനക്കെന്നെ
മോഹിപ്പിക്കാനാവില്ല...!
നിനച്ചിരിക്കാതെ
കടന്നുവന്ന കൊടും വേനലിൽ
നമ്മളൊന്നായ് നെയ്തെടുത്ത
സ്വപ്നങ്ങളും
മോഹങ്ങളുമെല്ലാം
എരിഞ്ഞമർന്നിരിക്കുന്നു;
ഇന്നു ഞാനൊരു
മരുഭൂമിയാണ്
മോഹങ്ങളുടെയോ
പുൽനാമ്പു പോലും
മുളക്കാത്ത വെറുമൊരു പാഴ്ഭൂമി....

ശ്രുതി രാജൻ

# സ്കൂൾ പ്രവർത്തന ചിത്രങ്ങൾ





















Shot on OnePlus


IT CORNER

# പത്രവാർത്തകൾ

## മാതാ ഹൈസ്കൂളിൽ ഗ്രീൻ സ്റ്റഫ് പദ്ധതി ആരംഭിച്ചു

മണ്ണംപേട്ട ● 'വിഷരഹിത പച്ചക്കറി നമ്മുടെ മക്കൾക്കായി' എന്ന ആശയം മുൻനിർത്തി മാതാ ഹൈസ്കൂളിൽ ആരംഭിച്ച ഗ്രീൻ സ്റ്റഫ് പദ്ധതി കെ.കെ. രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പച്ചക്കറിത്തൈ വിതരണവും എംഎൽഎ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യാലക്കൽ അധ്യക്ഷനായി. കൃഷിഭവൻ ഓഫിസർ എൻ. റോഷ്നി പദ്ധതി വിശദീകരിച്ചു. പഞ്ചായത്തംഗം ഭാഗ്യവതി ചന്ദ്രൻ, സ്കൂൾ മാനേജർ ഫാ. സെബി കാഞ്ഞിരത്തിങ്കൽ, പിടിഎ പ്രസിഡന്റ് പി.കെ. ഫ്രാൻസിസ്, പ്രധാനാധ്യാപകൻ കെ. ജെ. തോമസ് എന്നിവർ പ്രസംഗിച്ചു. അധ്യാപകരായ ഷീജ വാറുണ്ണി, പി.ജെ. അലീന, നീതു ജോസഫ് എന്നിവർ നേതൃത്വം നൽകി.



ചിമ്മിനിഡാം പരിസരം മാലിന്യമുക്തമാക്കിയശേഷം മണ്ണംപേട്ട മാതാ ഹൈസ്കൂളിലെ നല്ലപാഠം ക്ലബ് വിദ്യാർഥികൾ ഒത്തുകൂടിയപ്പോൾ.

## ചിമ്മിനി ഡാം പരിസരം വൃത്തിയാക്കി നല്ലപാഠം ക്ലബ് പ്രവർത്തകർ

മണ്ണംപേട്ട ● ചിമ്മിനി ഡാം പരിസരം മാലിന്യമുക്തമാക്കി മാതാ ഹൈസ്കൂളിലെ നല്ലപാഠം ക്ലബ് വിദ്യാർഥികൾ. ശുചീകരണത്തിനു ശേഷം പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവമാലിന്യവും തള്ളാൻ പ്രത്യേക മാലിന്യക്കുട്ടകൾ സ്ഥാപിച്ചു. പ്രധാനാധ്യാപകൻ കെ. ജെ. തോമസ്, കോ ഓർഡിനേറ്റർ ജൂലി ജോസ്, അധ്യാപകരായ പി.ജെ.അലീന, നീതു ജോസഫ് എന്നിവർ നേതൃത്വം നൽകി.



മണ്ണംപേട്ട മാതാ ഹൈസ്കൂളിലെ 8-ാം ക്ലാസിലെ നല്ലപാഠം പ്രവർത്തകർ, അവർ പഠിച്ച മറ്റ് സ്കൂളുകളിലെ അധ്യാപകരെ അധ്യാപക ദിനത്തിൽ ആദരിക്കാനെത്തിയപ്പോൾ.

## ആദ്യാക്ഷരം പകർന്നവരെ ആദരിച്ച് നല്ലപാഠം പ്രവർത്തകർ

മണ്ണംപേട്ട ● മാതാ ഹൈസ്കൂളിലെ 8-ാം ക്ലാസിലെ നല്ലപാഠം പ്രവർത്തകർ, അവർ പഠിച്ച മറ്റു സ്കൂളുകളിലെ താഴ്ന്ന ക്ലാസുകളിലെ അധ്യാപകരെ അധ്യാപകദിനത്തിൽ ആദരിക്കാനെത്തിയ

ഥികളെ കണ്ട അധ്യാപകർക്ക് സന്തോഷമായി. അവർ കുട്ടികളെ സ്നേഹാദരവോടെ സ്വീകരിച്ചു. പ്രധാനാധ്യാപകൻ കെ.ജെ. തോമസ്, നല്ലപാഠം കോർഡിനേറ്റർമാരായ ജൂ




● സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്കൃത നാടകം മികച്ച നടി ആർഷ (മണ്ണംപേട്ട മാതാ ഹൈസ്കൂൾ)



# നിൻ ഓർമ്മയിൽ

ചിതറിത്തെറിക്കുന്ന
ചിന്തകളിൽ
എപ്പോഴും
നിൻ ഈ പിഞ്ചിരി
ഒന്ന് മാത്രം
മഴവില്ല് പോലെ നീ
മനസ്സിൽ
തെളിയുബോൾ
ഉണരുന്നു എന്നിലെ
മോഹങ്ങളും
ചിതറിത്തെറിക്കുന്ന
ചിന്തകളിൽ
എപ്പോഴും
നിൻ ഈ പുഞ്ചിരി
ഒന്ന് മാത്രം

നീമ റോസ് കെ എസ്

# കല മത്സരിക്കാനുള്ളതാണോ ?

ഇത് മത്സരത്തിൻ്റെ കാലമാണല്ലോ. മത്സരമാണ് പുരോഗതിയുടെ മാർഗം എന്നുപോലും പറയുന്നവരുണ്ട്. മത്സരങ്ങൾ വിദ്വേഷത്തിലേക്കല്ലെ നയിക്കുക. വിദ്വേഷം നാശത്തിന്റെ വിത്താണല്ലോ. ഇതിനുള്ള വേദികൾ വിദ്യഭ്യാസത്തിന്റെ പേരിൽ തന്നെ ഒരുങ്ങിയാലോ ? അത്രം ഉദാത്തമായ കലയുടെ പേരിൽ അതാണല്ലോ ഈ പത്രത്തലക്കെട്ടുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ കലോത്സവ വേദികൾ തീവ്രമത്സരത്തിന്റെയും വിദ്വേഷത്തിന്റെയും വേദികളായിരിക്കുന്നു.

ഇന്ന് കലോത്സവങ്ങളിലേക്ക് വിദ്യാർത്ഥികളെ ആ കർശിക്കുന്നതെന്താണ് ? കലയോടുള്ള അഭിനിവേശം മാത്രമാണോ ? അല്ല എന്നു പറയേണ്ടിയിരിക്കുന്നു. കലോത്സവങ്ങളിൽ കഴിവു തെളിയിക്കുന്നവരെ റാഞ്ചി കൊണ്ടുപോകാനായി സിനിമാ, ടെലിവിഷൻ രംഗം കാത്തു കിടക്കുന്നു. ഈ മേഘലയിലേക്കുള്ള എൻട്രൻസ് പരീക്ഷയായിരിക്കുന്നു കലോത്സവങ്ങൾ . അപ്പോൾ അവിടെ തങ്ങൾ അവതരിപ്പിക്കുന്ന കലകൾ സാധന മെച്ചപ്പെടുത്തുന്നതിനു പകരം ഏതെങ്കിലും വിധത്തിൽ ഒന്നാം സ്ഥാനത്ത് എത്തിപ്പെടുക എന്നതായിത്തീർന്നിരിക്കുന്നു ലക്ഷ്യം . ഇതിനു വേണ്ടി പരിശീലനത്തിന്റെ പേരിലും ആടയാഭരണങ്ങളുടെ പേരിലും വൻ തുകക്ക മുടക്കാൻ ഇവർ സന്നദ്ധരാകുന്നു. അങ്ങനെ കലോത്സവ ലക്ഷ്യമായകലാപോഷണംസാധ്യ മല്ലാതെയായിത്തീർന്നിരിക്കുന്നു. ഈയൊരവസ്ഥയിൽ എത്തിക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് വളരെ വലുതാണ്. തങ്ങളുടെ മക്കൾ തങ്ങളേക്കാൾ കേമരാവണം എന്ന് ഏത് രക്ഷിതാവും ആ ശിക്കും, അതിനു വേണ്ടി പ്രവർത്തിക്കാം. മറ്റുള്ളവർക്കും ഇതേ ആഗ്രഹം ഉണ്ടാക്കും എന്നു കൂടി ഓർക്കുന്നത് നന്ന്. അല്ലെങ്കിൽ കലാ മത്സരം കലാപത്തിനുള്ള അവസരമായിത്തീരും. അതുകൊണ്ടാകല മത്സരിക്കാനുള്ള താണോ ?

ഇത് മത്സരത്തിൻ്റെ കാലമാണല്ലോ. മത്സരമാണ് പുരോഗതിയുടെ മാർഗം എന്നുപോലും പറയുന്നവരുണ്ട്. മത്സരങ്ങൾ വിദ്വേഷത്തിലേക്കല്ലെ നയിക്കുക. വിദ്വേഷം നാശത്തിന്റെ വിത്താണല്ലോ. ഇതിനുള്ള വേദികൾ വിദ്യഭ്യാസത്തിന്റെ പേരിൽ തന്നെ ഒരുങ്ങിയാലോ ? അതും ഉദാത്തമായ കലയുടെ പേരിൽ അതാണല്ലോ ഈ പത്രത്തലക്കെട്ടുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ കലോത്സവ വേദികൾ തീവ്രമത്സരത്തിന്റെയും വിദ്വേഷത്തിന്റെയും വേദികളായിരിക്കുന്നു.

ഇന്ന് കലോത്സവങ്ങളിലേക്ക് വിദ്യാർത്ഥികളെ ആ കർശിക്കുന്നതെന്താണ് ? കലയോടുള്ള അഭിനിവേശം മാത്രമാണോ ? അല്ല എന്നു പറയേണ്ടിയിരിക്കുന്നു. കലോത്സവങ്ങളിൽ കഴിവു തെളിയിക്കുന്നവരെ റാഞ്ചി കൊണ്ടുപോകാനായി സിനിമാ, ടെലിവിഷൻ രംഗം കാത്തു കിടക്കുന്നു. ഈ മേഘലയിലേക്കുള്ള എൻട്രൻസ് പരീക്ഷയായിരിക്കുന്നു കലോത്സവങ്ങൾ . അപ്പോൾ അവിടെ തങ്ങൾ അവതരിപ്പിക്കുന്ന കലകൾ സാധന മെച്ചപ്പെടുത്തുന്നതിനു പകരം ഏതെങ്കിലും വിധത്തിൽ ഒന്നാം സ്ഥാനത്ത് എത്തിപ്പെടുക എന്നതായിത്തീർന്നിരിക്കുന്നു ലക്ഷ്യം . ഇതിനു വേണ്ടി പരിശീലനത്തിന്റെ പേരിലും ആടയാഭരണങ്ങളുടെ പേരിലും വൻ തുകക്ക മുടക്കാൻ ഇവർ സന്നദ്ധരാകുന്നു. അങ്ങനെ കലോത്സവ ലക്ഷ്യമായ കലാപോഷണം സാധ്യമല്ലാതെയായിത്തീർന്നിരിക്കുന്നു.ണല്ലോ മത്സര വേദികൾ രക്ഷിതാക്കൾ കൈയടക്കുന്നതും കയ്യാങ്കളി ഉണ്ടാക്കുന്നതും ഇതു മാത്രമല്ല സംഭവിക്കുന്നത്. തങ്ങൾക്കു നേടാൻ കഴിയാത്തത് തങ്ങളുടെ മക്കൾ നേടണമെന്ന വാശിയും താൽപര്യമോ കണക്കാക്കാതെ വരുന്നു . ഇതു കുട്ടികളിൽ അമിതമായ സമ്മർദ്ധാമായി മാറുന്നതു കാണാം.

ൻ വിനയമുള്ളവനായിരിക്കുക എന്നു പറയാറുണ്ട്. ഇതിനു വിപരീതമായ കാര്യങ്ങളാണ് കലോത്സവ വേദികളിൽ നിന്നു കാണുന്നത്. ഗുരു തുല്യരായ വിധി കർത്താക്കളെ വെല്ലുവിളിക്കാൻ മത്സരാർത്ഥി തയ്യാറാവുന്നു. കാരണം വ്യക്തം. കലാകാരിയല്ല

അരങ്ങത്തുള്ളത്. മത്സരാർത്ഥിയാണ്. അയാൾക്ക് ഇത് ജയിക്കുക എന്നതാണ് പ്രധാനം. അപ്പോൾ അഹന്തയും തന്നെക്കാൾ വലിയ വരില്ല എന്ന ഭാവവും വെല്ലുവിളിയുമൊക്കെ സ്വാഭാവികം.

എന്നാൽ ഇതിനൊരു മറുവശം

കൂടിയുണ്ട്. എല്ലാ കലയും ജഡ്ജ് ചെയ്യാൻ ശേഷിയുള്ള ചിലരുണ്ട് എന്ന് കരുതുന്നത് മൗഢ്യമല്ലേ . കുച്ചുപ്പുടിക്ക് വിധി കർത്താവ് അത് പരിശീലിപ്പിച്ചിട്ടുള്ള ആളാകെണ്ടേ ? മോഹിനിയാട്ടം പഠിച്ച ആൾ മതിയോ ? നമ്മുടെ കലോത്സവങ്ങളിൽ അത്തരം ചിലരൊക്കെ നടക്കുന്നുണ്ടല്ലോ. ധൃതി പിടിച്ച് ആരെ കൊണ്ടെങ്കിലും ചെയ്യിക്കേണ്ട ഒന്നല്ല വിധി നിർണയം .

വിദ്യാർത്ഥികളുടെ കലാഭിരുച കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കുവാനും അങ്ങനെ നല്ല മനുഷ്യരുടെ കൂട്ടായ്മയ്ക്കുന്നതിനു വേണ്ടി ആരംഭിച്ച യുവജനോത്സവങ്ങൾ തികച്ചും വിപരീത ഫലങ്ങൾ ഉളവാക്കുന്നത്. തടയാൻ കഴിയണം. അതിന് ആദ്യം സമ്പത്തിന്റെ ദുരുപയോഗം ഈ രംഗത്ത് വിലക്കപ്പെടണം. സ്ഥാനങ്ങൾക്കു വേണ്ടിയുള്ള മത്സരങ്ങളാവരുത് കലോത്സവങ്ങൾ . അത് തികച്ചും ഉത്സവങ്ങൾ തന്നെയാവണം. കലകൾ അവതരിപ്പിക്കാനുള്ള വേദികളാവണം. അങ്ങനെയാവുമ്പോൾ കേന്ദ്രീകൃത്യ മായ ഇന്നത്തെ കലോത്സവങ്ങൾക്കു പകരം കൂടുതൽ വിപുലമായ രീതിയിൽ സ്കൂളിൽ ആഘോഷിക്കണം. അപ്പോൾ ഇന്നു കാണുന്ന അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാകും. രക്ഷിതാക്കളുടെ പരക്കം പാച്ചിൽ ജഡ്ജിമാരുടെ അഭ്യാസങ്ങളും നിൽക്കും.

മാനവിക മൂല്യങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന കലകളുടെ അവതരണത്തിനുള്ള വേദികളായി കലോത്സവങ്ങൾ മാറണം. മത്സരങ്ങൾ ഇല്ലാത്ത ഉത്സവങ്ങൾ തന്നെയാക്കുന്ന കലോത്സവക്കാലം സ്കൂളുകളിൽ ഉണ്ടാവട്ടെ .

അനിറ്റ കെ എ

# കടങ്കഥകൾ

1.അകത്തറുത്താൽ പുറത്തറിയും.

ഉ. പഴുത്ത ചക്ക

2. അകത്തിരുത്ത് പുറത്തേക്ക് കാല് നീട്ടി

ഉ. ഓവ്

3. ഒരമ്മ പെറ്റ മക്കളെല്ലാം ഒറ്റക്കണ്ണന്മാർ .

ഉ. അടയ്ക്ക

4. അകത്തു രോമം പുറത്ത് ഇറച്ചി .

ഉ.മൂക്ക്

5. ഇത്തിരി കഞ്ഞൽ കുട്ടിയെ കരയിച്ചു.

ഉ. കാന്താരി മുളക്

6 വരുമ്പോൾ ഒന്ന് വിരിഞ്ഞപ്പോൾ നൂറ്.

ഉ. തെങ്ങോല\

7. ആയിരം തത്തക്ക് ഒരു കൊക്ക് .

ഉ. വാഴ

8. തൊട്ടാൽ പിണങ്ങും ചങ്ങാതി.

ഉ. തൊട്ടാവാടി

9. കാള കിടക്കും കയറോടും .

ഉ. മത്തൻ

10. ഒരമ്മ പെറ്റ മക്കളെല്ലാം വിറച്ചു വിറച്ചു.

ഉ. അരയാലില



മീനാക്ഷി ടി ബി

# ഓസോൺ

1..ഓസോൺ പാളിയുടെ നിറം?

2.ഓസോൺ സംരക്ഷണ ഉടമ്പടി?

3. അന്തരീക്ഷത്തിലെ ഓസോണിന്റെ അളവ് രേഖപ്പെടുത്തുന്ന യൂണിറ്റ് ?

4. ഓസോൺ വാതകം കണ്ടുപിടിച്ചതാര് ?

5. ഭൂമിയുടെ പുതപ്പ് എന്നറിയപ്പെടുന്നത് ?

6.Cfc-യുടെ വ്യാവസായിക നാമം ?

7. ആദ്യമായി ഓസോൺ ദിനം ആചരിച്ച വർഷം?

8. ഓസോണിനെക്കുറിച്ച് പഠിക്കാൻ NASA വിക്ഷേപിച്ച ബഹിരാകാശ പേടകം?

9.ഓസോൺ പാളിയുടെ ശോഷണത്തിന് കാരണമാകുന്ന മേഘങ്ങൾ?

10. പ്രകാശ സംശ്ലേഷണ സമയത്ത് ഓസോൺ പുറത്തുവിടുന്ന സസ്യം?

**ഉത്തരങ്ങൾ**

1. ഇളം നീല
2. മോൺട്രിയൽ ഉടമ്പടി
3. ഡോബ്സൺ യൂണിറ്റ്
4. ക്രിസ്റ്റ്യൻ ഫ്രഡറിക് ഷോൺ ബെയ
5.ഓസോൺ
6. ഫ്രിയോൺ
7.1995
8. Toms (Total ozone mapping spectrometer)
9. നാക്രിയസ് മേഘങ്ങൾ
10. തുളസി

ബാല ടി ആർ

# നിന്നെ എനിക്കെന്നും ഇഷ്ടം

മഴയെത്ര പെയ്തു പോയ്
ഇന്നീ രാവിൽ,
കനവെത്ര കണ്ടു
നിന്നീ നിലാവിൽ,

പെയ്തു തീരാതെ
മനസ്സിലിന്നും തോരാമഴ .

വറ്റിവരണ്ട പുഴയുടെ പ്രാർഥന,
ദാഹനീരിനായ് കേഴും വേഴാമ്പലിൻ  പ്രാർഥന,
ഒന്നു തളിർക്കാനായ് കാത്തു നിൽക്കും
കുഞ്ഞു പുൽമേടിൻ പ്രാർഥന.

മഴയിലൊരു കുട ചൂടാൻ
കുഞ്ഞിനൊരു പ്രാർഥന .
നീന്തി തുടിക്കാൻ പരലുകൾ ,
അതിനെ പിടിക്കാൻ വലകളും.

പ്രാർഥനകളെല്ലാം നിനക്കുവേണ്ടി .
പെയ്തിറങ്ങിയൊരാ നിമിഷം
ഭൂമിയിലൊരു കൊച്ചുപൂവിൻ മന്ദഹാസം.

എന്തിനോ, ഏതിനോ
കല്ലിതുള്ളി വാർമുകിൽ ;
തോരാതെ പെയ്തിറങ്ങിയീ
കരിമുകിൽ ...

കാരണം തേടി
അലയുന്ന മർത്യന്റെ
ചെയ്തികൾ നൽകും
ഇതിന് ഉത്തമമായൊരു ഉത്തരം.

ആകാശവാതിൽ തള്ളിത്തുറന്നു നീ
ധാരയായ് ഒഴുകിയിറങ്ങുന്നീ
ഭൂമിയിൽ .

മാനത്തു വില്ല്
തൊട്ടുത്തൊരു മഴയേ..
ഭൂമിക്കായൊരുക്കുന്നു
പൂന്തോപ്പുകൾ ...

പ്രകൃതിയാം അമ്മയുടെ -

ഇസബെല്ല

# Disaster management in india:A Comprehensive Approach

**Introduction:**

India, with its vast and diverse geographical and climatic conditions, is prone to various natural and man-made disasters. Floods, earthquakes, cyclones, landslides, and industrial accidents are just a few examples of the challenges the country faces. To mitigate the impact of these disasters and safeguard the lives and property of its citizens, India has implemented a comprehensive disaster management system.

**Preparedness and Planning:**

One of the key pillars of disaster management in India is preparedness. The National Disaster Management Authority (NDMA) plays a crucial role in formulating policies, plans, and guidelines for disaster management at the national level. State Disaster Management Authorities (SDMAs) and District Disaster Management Authorities (DDMAs) further customize these plans to suit local conditions.

**Early Warning Systems:**

India has made significant strides in establishing early warning systems to alert communities about impending disasters. The India Meteorological Department (IMD) plays a vital role in providing timely and accurate information on cyclones, earthquakes, and other weather-related events. The dissemination of this information to the public through various communication channels ensures that people can evacuate and take necessary precautions well in advance.

**Search and Rescue Operations:**

In the aftermath of a disaster, search and rescue operations are crucial to saving lives. The National Disaster Response Force (NDRF), a specialized
force trained in disaster response, is at the forefront of such operations. These highly skilled personnel are strategically stationed across the country to respond quickly to emergencies. Their efforts are often supplemented by the armed forces, civil defense, and local volunteers.

**Community Engagement and Awareness:**

Disaster management in India recognizes the importance of community engagement and awareness. Community-based

disaster preparedness programs are conducted to educate people on the risks they face and the actions they can take to protect themselves. Mock drills, workshops, and awareness campaigns are regularly organized to ensure that communities are well-informed and capable of responding effectively during crises.

**Infrastructure Development:**

Investing in resilient infrastructure is a key component of disaster management. Building codes and construction standards are designed to withstand the impact of natural disasters. Retrofitting existin structures and incorporating disaster-resistant features in new constructions help minimize damage and casualties.

**Rehabilitation and Reconstruction:**

After a disaster, rehabilitation and reconstruction efforts are crucial for restoring normalcy. The government, along with non-governmental organizations, focuses on providing immediate relief such as food, shelter, and medical assistance. Long-term rehabilitation efforts include rebuilding homes, restoring livelihoods, and supporting affected communities in their recovery process.

**Conclusion:**

Disaster management in India is a dynamic and evolving process that requires collaboration at various levels. While significant progress has been made, challenges persist, and the system continually adapts to emerging threats. By integrating technology, fostering community involvement, and refining response strategies, India strives to build a more resilient and disaster-ready nation. As the country faces the uncertainties of a changing climate and other evolving risks, a proactive and adaptable disaster management framework remains essential for safeguarding lives and ensuring sustainable developmentBuilding codes and construction standards are designed to withstand the impact of natural disasters. Retrofitting existing structures and incorporating disaster-resistant features in new constructions help minimize damage and casualties.

SEON ROY

# പ്രകൃതി

മരങ്ങൾ  വേട്ടി മുറിക്കരുതേ
മരങ്ങൾ നാടിൻ രക്ഷകൻ!
മരങ്ങൾ നട്ടു വളർത്തേണം
മരങ്ങൾ നമ്മുടെ ഐശ്വര്യം
നദിയെ കുരുതി കൊടുക്കരുതേ
മണലിന്നായി കൊല്ലരുതെ
പുഴകളെയാർക്കും  വിൽക്കരുതേ-അവ
ദൈവം നൽകിയ വരദാനം
പ്ലാസ്റ്റിക്ക് സഞ്ചികൾ വേണ്ടേ വേണ്ട
കടലാസ് സഞ്ചികൾ അനുയോജ്യം
വെള്ളം പാഴായ് കളയരുതേ
വെള്ളം ജീവനാധാരം.......

പവിത്ര അജയകുമാർ

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം-
ഇന്നുമൊരു പൊൻ തൂവലായി,
പ്രഭചൊരിയാതെ നിലക്കൊള്ളുന്നു
സ്വപ്നമേ! നിന്നെയാരും കാണാതെ;
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

ആദിനാഥ്

# പ്രതീക്ഷകൾ

നഷ്ടപ്പെട്ടവർക്ക് മുമ്പിൽ
സ്വപ്നങ്ങളും
സന്തോഷങ്ങളും ആവോളം
നൽകിയിട്ട് ഓരോന്നായി
തിരിച്ചെടുക്കാൻ
കാലവും വിധിയും
തമ്മിൽ നല്ല മത്സരമാണ്

ജോയൽ വിൽസൺ

# പ്രകൃതി ഭംഗി

പച്ച പുതപ്പും പുതച്ച പ്രകൃതി
എന്തു ഭംഗിയാണ് നിന്നെ കാണാൻ
അനേകായിരം പക്ഷിമൃഗാദികൾക്ക്
വാസസ്ഥലം ഏകുന്നു നീ പ്രകൃതി
ദൈവം കനിഞ്ഞു നൽകിയ
വരദാനമാണ് നിന്റെ ഭംഗി
വെയിലും മഴയും മഞ്ഞുകൊണ്ട്
നിന്റെ ഭംഗി നീ ഇരട്ടിയാക്കുന്നു
പച്ചപ്പുതപ്പ് പുതച്ച എന്തു ഭംഗിയാണ്
നിന്നെക്കാണാൻ എന്തു
ഭംഗിയാണ് നിന്നെക്കാണാൻ (2)

കൃഷ്ണേന്ദു പി യു

# കിട്ടനും മിട്ടുവും

ഒരു കാട്ടിൽ കിട്ടൻ എന്ന് പേരുള്ള ദുഷ്ട്നായ ഒരു കരടികുട്ടനുണ്ടായിരുന്നു.കിട്ടൻ കരടി കാട്ടിലെ ചെറിയ ചെറിയ എല്ലാ ജീവികളെയും ഉപദ്രവിച്ചിരുന്നു. ഒരു ദിവസം മിട്ടുമുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു.പെട്ടെന്ന് മിട്ടുമുയലിന്റെ ദേഹത്ത് എന്തോ വന്നു വീണു.മിട്ടുമുയൽ എണീറ്റ് ചുറ്റുപാടും നോക്കി. അതാ.....കിട്ടൻ കരടി ഇരുന്നു ചിരിക്കുന്നു.അവനാണ് കലെറിഞ്ഞത് മിട്ടുമുയൽ ഒന്നു മിണ്ടാതെ നടന്നു .കുറച്ചു കഴിഞ്ഞപ്പോൾ അതാ ഒരു കരച്ചിൽ കേൾക്കുന്നു രക്ഷിക്കണേ....രക്ഷിക്കണേ.....കരച്ചിൽ കേട്ട സ്ഥലത്തേക്ക് മിട്ടുമുയൽ ഓടിച്ചെന്നു.നോക്കുമ്പോഴതാ നമ്മുടെ കിട്ടൻകരടി തേനിച്ചകളുടെ കുത്തുകൊണ്ട് മുഖമൊക്കെ വീർത്ത് വിഷമിച്ചിരിക്കുന്നു.ഇതുകണ്ട മിട്ടുവിന് വിഷമമായി.മിട്ടുപറഞ്ഞു നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിച്ചത്.കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ.അതുകൊണ്ടാണ് ഇപ്പൊ നിനക്ക് ഇങ്ങനെ ഒരു പണി കിട്ടിയത്.

നീമ റോസ് കെ എസ്

# ആനയും തയ്യൽക്കാരനും

പണ്ട് പണ്ട് ഒരിടത്ത് ഒരു ആന ഉണ്ടായിരുന്നു.ആന ദിവസവും കുളിക്കാനായി കുളത്തിൽ പോകും.പോകുന്ന വഴിക്ക് ഒരു തയ്യൽകട ഉണ്ടായിരിന്നു.തയ്യൽകടയിലെ തയ്യൽകാരൻ ആനക്ക് ദിവസവും പഴം കൊടുക്കും.ഒരു ദിവസം ഈ തയ്യൽകാരന് ഒരു തമാശ തോന്നി.ഈ ആനയെ ഒന്ന് പറ്റിക്കാം എന്ന് വിചാരിച്ചു.അപ്പോൾ തയ്യൽകാരന്റെ കടയിൽ എത്തിയപ്പോൾ ആന ദിവസവും ഉള്ളത് പോലെ തുമ്പികൈ നീട്ടി. തുമ്പികൈ നീട്ടിയപ്പോൾ തയ്യൽകടക്കാരൻ സൂചി വച്ച് തുമ്പികൈക്കിട്ടൊരു കുത്തുകൊടുത്തു പാവം ആന,ആനക്ക് വേദനിച്ചു.ആനക്ക് ദേഷ്യം വന്നു ആന ഒന്നും മിണ്ടിയില്ല.ആന മിണ്ടാണ്ട് നടന്നു പോയി. എന്നിട്ട് കുളത്തിലേക്ക് കുളിക്കാൻ പോയി.എന്നിട്ട് തിരിച്ചുവരുന്ന വഴിക്ക് ആന തുമ്പികൈ നിറച്ച് വെള്ളം എടുത്തിട്ട് വന്നു.എന്നിട്ട് തയ്യൽക്കാരന്റെ കടയിലേക്ക് വെള്ളമങ്ങു ചീറ്റികൊടുത്തു.തയ്യൽക്കാരന്റെ തുണിയും കടയും എല്ലാം നനഞ്ഞു.

**ഗുണപാഠം :ആരെയും ഉപദ്രവിക്കരുത്**

അനിറ്റ കെ എ

# TREE

**Do not cut me,**
**cried the tree.**
**Because i give you**
**rain free**
**In my cool shade**
**you rest,**
**Eat my fruits**
**that are best.**
**Take in my fresh**
**smell.**
**Let me live**
**my life well.**

PAVITHRA
AJAYKUMAR

# A HAPPY CHILD

My House Is Red- A Little House;
A Happy Child Am I:
I Laugh And Play The Whole Day Long.
I Hardly Ever Cry.
I Have A Tree, A Green, Green Tree,
To Shade Me From The Sun;
And Under It I Often Sit,
When All My Play Is Done



JOYEL WILSON

# THE POWER OF PRACTICE

**There was a little buy named Timmy who loved to draw. He would spend hours every day drawing pictures of animals, people, & landscapes.**

**One day, his art teacher noticed his talent & encouraged him to enter an art competition. Timmy was so excited & worked hard on his entry. When the winners were announced, Timmy was disappointed to find out that he didn't win. His teacher told him that just because he didn't win, it didn't mean he wasn't a great artist; Timmy kept drawing & practising, & eventually, he became a famous artist. He learned that just because he loved drawing, it didn't mean he was naturally good at it.**

**Moral:**

**Having a passion for something is great, but it takes hard work and dedication to turn that passion into a skill.**

ADINATH

# THE POWER OF RESPECT

**O***nce there was a young girl named maya who lived in a small town.Maya belived in the power of give respect take respect".She treated every one she met with kindness and respect ,regardless of their age or back ground.One day, maya encountered a grumpy old man who was always rude to others.instead of reacting with anger ,maya continued to treat him with respect &kindness .Gradually ,the old man's behaviour started to change.He realised the impact of maya's respectful attitude &began treating others with kindness as well .This story remains us that respect can have a transformative effect on people's live's. Keep spreading kindness and respect*

SRUTHY RAJAN

# ലിറ്റിൽ കൈറ്റ്സ് ചിത്രങ്ങൾ



























IT CORNER




acer

# സ്കൂൾ ചിത്രങ്ങൾ























IT CORNER













# അണിയറയിൽ



ജോയൽ വിൽസൺ




സിയോൺ റോയ്



ആദിനാഥ്



അനിറ്റ കെ എ



മീനാക്ഷി ടി ബി



കൃഷ്ണേന്ദു പി യു



നീമ റോസ് കെ എസ്



പവിത്ര അജയകുമാർ



ബാല ടി ആർ



ശ്രുതി രാജൻ

# നന്ദി

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ ഞങ്ങൾ തയ്യാറാക്കിയ e-ദളം എന്ന ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ വിധ സഹായങ്ങളും നിർദ്ദേശങ്ങളും നൽകി ഞങ്ങളോടൊപ്പം നിന്ന പ്രിയ ഹെഡ്മാസ്റ്റർക്കും, ഞങ്ങളെ പ്രാപ്തരാക്കിയ കൈറ്റ് മാസ്റ്റർ ഫ്രാൻസിസ് പി തോമസ് മാസ്റ്ററിനും, കൈറ്റ് മിസ്ട്രസ് പ്രിൻസി ഇ പി ടീച്ചർക്കും ഞങ്ങളുടെ കൃതജ്ഞത രേഖപ്പെടുത്തുന്നു.